പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2709 — 20/03/2015-ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി. ഐ.റ്റി. പരീക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എസ്.എസ്. എൽ.സി.ക്ക് ഐ.റ്റി. പരീക്ഷ നടത്തിയിരുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) | എസ്.എസ്.എൽ.സി. ഐ.റ്റി. പരീക്ഷ, കഴിഞ്ഞ മൂന്ന് വർഷമായി പുതിയ സ്കീമിൽ പരീക്ഷയെഴുതുന്നവർക്ക് പരീക്ഷാഭവൻ തയ്യാറാക്കുന്ന പ്രത്യേക സോഫ്റ്റ്വെയർ ഉപയോഗിച്ചും പഴയ സ്കീമിൽ പരീക്ഷയെഴുതുന്ന കുട്ടികൾക്ക് പ്രാക്ടിക്കൽ പരീക്ഷാ സോഫ്റ്റ്വെയർ ഉപയോഗിച്ചും, തിയറിപരീക്ഷ ചോദ്യ പേപ്പർ ഉപയോഗിച്ചുമാണ് നടത്തുന്നത്. |
| (ബി) | 2015 മാർച്ച് മാസത്തിൽ ഐ.റ്റി. പരീക്ഷ എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | 2015 മാർച്ച് മാസത്തിൽ ഐ.റ്റി. പരീക്ഷ പുതിയ സ്കീമിൽ പരീക്ഷയെഴുതുന്നവർക്ക് പ്രത്യേക സോഫ്റ്റ്വെയർ ഉപയോഗിച്ചും പഴയ സ്കീമിൽ പരീക്ഷ എഴുതുന്നവർക്ക് പ്രാക്ടിക്കൽ സോഫ്റ്റ്വെയറും തിയറി എഴുത്തുപരീക്ഷ ചോദ്യപേപ്പർ ഉപയോഗിച്ചും നടത്തുന്നു. |
| (സി) | ഇതിനായി ഈ വർഷം ചോദ്യപേപ്പർ അച്ചടിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ചോദ്യപേപ്പർ അച്ചടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പഴയ സ്കീമിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ ചോദ്യ പേപ്പർ അച്ചടിച്ചിട്ടുണ്ട്. |
| (ഡി) | ഓൺ ലൈനായി നടത്തുന്ന ഐ.റ്റി. പരീക്ഷയ്ക്ക് ചോദ്യപേപ്പർ നൽകുന്നതിന്റെ ആവശ്യകത എന്താണെന്ന് വിശദമാക്കാമോ? | (ഡി) | ഓൺ ലൈനായി പരീക്ഷ നടത്തുന്നില്ല. |

Sreedevi

സെക്ഷൻ ഓഫീസർ